# പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4055 24.06.2019 -ലെ മറുപടിക്ക്**

## അംബേദ്കർ ഗ്രാമം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി സി.കെ. ആശ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | അംബേദ്കർ ഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിന് നിർദ്ദേശിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ; | (എ) യും (ബി) യും (സി) യും | അടിസ്ഥാന സൗകര്യ വികസനത്തിൽ പിന്നാക്കം നിൽക്കുന്നതും, നാൽപതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതുമായ കോളനികളെയാണ് അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്നത്.<br>ടി നിബന്ധന കൊണ്ടുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനായി നടപ്പ സാമ്പത്തിക വർഷം മുതൽ മുപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന കോളനികളെ തെരഞ്ഞെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.<br>പട്ടികജാതി കുടുംബങ്ങളുടെ എണ്ണം തികയ്ക്കുവാനായി വിവിധ കോളനികളിലെ കുടുംബങ്ങളെ കൂട്ടിച്ചേർത്ത് പദ്ധതി നടപ്പിലാക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) | പദ്ധതി നടപ്പാക്കുന്നതിന് അൻപത് പട്ടികജാതി കുടുംബങ്ങൾ വേണമെന്ന നിബന്ധന ഒട്ടേറെ പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നതാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് എങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | | |
| (സി) | പട്ടികജാതി കുടുംബങ്ങളുടെ എണ്ണം എല്ലാ കോളനികളിലും അൻപത് തികയാത്ത സാഹചര്യത്തിൽ വിവിധ കോളനികളിലെ കുടുംബങ്ങളെ കൂട്ടിചേർത്ത് ഈ പദ്ധതി നടപ്പിലാക്കാൻ അനുമതി നൽകുമോ; | | |
| (ഡി) | ചേർത്തല മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിക്കായി തിരഞ്ഞെടുത്ത ചേർത്തല തെക്ക് പഞ്ചായത്തിലെ തൈക്കൽ ഭാഗത്ത് പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന മേഖലയിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന | (ഡി) | ചേർത്തല മണ്ഡലത്തിൽ നിന്നും അംബേദ്കർ ഗ്രാമം പദ്ധതിക്കായി തിരഞ്ഞെടുത്ത ചേർത്തല തെക്ക് ഗ്രാമ പഞ്ചായത്തിലെ അംബേദ്കർ കോളനിയിൽ ഗതാഗത സൗകര്യം ഇല്ലാത്തതിനാലും, ഒറ്റപ്പെട്ട വീടുകൾ ആയതിനാലും, ചതുപ്പ് പ്രദേശം |

| | | | |
|---|---|---|---|
| | തിനേക്കാൾ ചെലവേറുമെന്ന കാരണത്താൽ സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം ഇതിൽ നിന്നും പിന്മാറി എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവിടത്തെ പദ്ധതി നടപ്പിലാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | | ആയതിനാലും അനുവദനീയമായ നിരക്കിൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ കഴിയുന്നതല്ല എന്ന് ഏജൻസി അറിയിച്ചിട്ടുണ്ട്. അടിയന്തിരമായി മോണിട്ടറിംഗ് സമിതി കൂടി ഈ പ്രശ്നം പരിശോധിച്ച് ടി പ്രദേശത്തിന് അനുയോജ്യമായ രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ലഭ്യമാക്കുവാൻ ഏജൻസിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ